## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1726 — 21.01.2014 ൽ മറുപടിയ്ക്ക്

### മൃഗസംരക്ഷണ ചെക്ക് പോസ്റ്റുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എ.കെ.ബാലൻ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ അതിർത്തികളിൽ എത്ര മൃഗസംരക്ഷണ ചെക്ക് പോസ്റ്റുകളാണുള്ളത്; ഏതെല്ലാമാണെന്ന് വ്യക്തമാക്കമോ; | എ) | സംസ്ഥാനത്തെ അതിർത്തികളിൽ 18 മൃഗസംരക്ഷണ ചെക്ക് പോസ്റ്റുകളാണ് ഉള്ളത്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) | പ്രസ്തുത ചെക്ക് പോസ്റ്റുകളിൽ നിശ്ചയിച്ചിട്ടുള്ള മൃഗഡോക്ടർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ തസ്തികകൾ ഏതെല്ലാമാണെന്ന് വിശദമാക്കമോ; | ബി) | വാളയാർ, പാറശ്ശാല എന്നീ രണ്ടു ചെക്ക് പോസ്റ്റുകളിൽ ഓരോ ഡോക്ടർമാരുടെ തസ്തിക വീതമുണ്ട്. പെർള ഒഴികെയുള്ള എല്ലാ ചെക്ക് പോസ്റ്റുകളിലും ഫീൽഡ് ഓഫീസർ -1, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ - 3, അറ്റൻഡർമാർ - 2 എന്നീ തസ്തികകളാണുള്ളത്. പെർള ചെക്ക് പോസ്റ്റിൽ ഫീൽഡ് ഓഫീസർ -3, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ - 6, അറ്റൻഡർ-1 എന്നീ തസ്തികകളാണുള്ളത്. |
| സി) | പ്രസ്തുത ചെക്ക് പോസ്റ്റുകളിൽ നിലവിൽ ഡോക്ടർമാരുണ്ടോ; എങ്കിൽ ഏതെല്ലാം ചെക്കപോസ്റ്റു കളിലാണ് ഡോക്ടർമാരില്ലാത്തത് ; | സി) | വാളയാർ, പാറശ്ശാല എന്നീ ചെക്ക് പോസ്റ്റുകളിൽ നിലവിൽ ഡോക്ടർമാർ സേവനമനുഷ്ഠിക്കുന്നുണ്ട്. ബോഡിമെട്ടു, കമ്പംമേട് , ഗോപാലപുരം, ഇരിട്ടി, കാർട്ടികുളം, കോഴിപ്പാറ, കുമിളി, കണ്ടത്തുർ, മീനാക്ഷിപുരം, മുതലമട, മട്ടത്തുകാട്, സുൽത്താൻബത്തേരി, തെന്മല, വഴിക്കടവ്, ആർ.പി. പാലക്കാട്, പെർള എന്നീ 16 ചെക്ക് പോസ്റ്റുകളിൽ നിലവിൽ ഡോക്ടറുടെ സേവനം ലഭ്യമല്ല. |
| ഡി) | ഡോക്ടർമാർ ഇല്ലാത്ത ചെക്ക് പോസ്റ്റുകൾ വഴി രോഗബാധിതരായ മൃഗങ്ങളെ കൊണ്ടുവരുന്നത് തടയാൻ എന്ത് നടപടികളാണ് സ്വീകരിച്ചി ട്ടുള്ളതെന്ന് വ്യക്തമാക്കമോ; | ഡി) | കടത്തിവിടുന്ന മൃഗങ്ങൾ രോഗബാധിത രല്ല എന്നും, രോഗപ്രതിരോധശേഷി ഉള്ളവയാണെന്നും സാക്ഷ്യപ്പെടുത്തുന്ന, ജില്ലാ വെറ്ററിനറി ഓഫീസറുടെ കയ്യൊപ്പോടു കൂടിയ സർട്ടിഫിക്കറ്റ് കർശനമായി പരിശോധിക്കുന്നുണ്ട്. |

...2

| | |
|---|---|
| ഇ) പടർന്ന് പിടിക്കുന്ന കുളമ്പുരോഗം തടയാൻ മൃഗസംരക്ഷണവകുപ്പിന്റെ ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ഇ) ചെക്ക് പോസ്റ്റുകളിൽ ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥർ നടത്തുന്ന പ്രാഥമിക ശാരീരിക പരിശോധന കൂടാതെ ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ 2013 ഒക്ടോബർ മുതൽ കുളമ്പ് രോഗനിർണ്ണയകിറ്റ് ഉപയോഗിച്ച് കുളമ്പ് രോഗമുണ്ടെന്ന് സംശയിക്കപ്പെടുന്ന മൃഗങ്ങളെ പ്രത്യേക പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. 2012- 2013 മുതൽക്കു തന്നെ പക്ഷികളെ കടത്തുന്ന വാഹനങ്ങളിൽ, പക്ഷിപ്പനി കിറ്റ് ഉപയോഗിച്ച് പരിശോധന നടത്തുന്നുണ്ട്. അറവിനായി കൊണ്ടുവരുന്ന മൃഗങ്ങൾക്ക് രോഗബാധയില്ല എന്ന് സർട്ടിഫിക്കറ്റ് നിർബന്ധമായി ഹാജരാക്കേണ്ടതാണ്. പരിശോധനയ്ക്കായി നിശ്ചയിച്ചിട്ടുള്ള ഫീസ് ഒടുക്കേണ്ടതും, അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്റ്റ് പ്രകാരം ടാഗ് ചെയ്ത കന്നുകാലികളെ ചെക്ക് പോസ്റ്റുകളിൽ എണ്ണമനുസരിച്ച് നിർത്തേണ്ടതുമാണ്. കടത്തിക്കൊണ്ടു വരുന്ന മൃഗങ്ങളെ 1960 ലെ ജന്തുദ്രോഹ നിവാരണ ചട്ടപ്രകാരമുള്ള ചിട്ടവട്ടങ്ങൾ പാലിച്ച് കൊണ്ടുവരേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| എഫ്) മൃഗസംരക്ഷണവകുപ്പിന്റെ ചെക്ക് പോസ്റ്റുകൾ വഴി അന്യസംസ്ഥാനത്തു നിന്നും ശരാശരി എത്ര മൃഗങ്ങളെയാണ് ഒരു മാസം കേരളത്തിൽ കൊണ്ടുവരുന്നതെന്ന് വിശദമാക്കുമോ? | എഫ്) നിലവിൽ ലഭ്യമായ കണക്കനുസരിച്ച് 50,000 മുതൽ 70,000 വരെ മൃഗങ്ങളെ ഒരു മാസം കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

### കേരളത്തിന്റെ അതിർത്തികളിലെ റിൻഡർപെസ്റ്റ് ചെക്ക് പോസ്റ്റുകൾ

| | |
|---|---|
| 1 | റിൻഡർപെസ്റ്റ് ചെക്ക് പോസ്റ്റ്, ബോഡിമെട്ടു, ഇടുക്കി |
| 2 | കമ്പംമേട്, കോട്ടാർ, ഇടുക്കി |
| 3 | ഗോപാലപുരം, കരിമണ്ണൂർ, പാലക്കാട് |
| 4 | ഇരിട്ടി ചെക്ക് പോസ്റ്റ്, വി.പി.സി. ഇരിട്ടി. |
| 5 | കാർട്ടികുളം, വയനാട് |
| 6 | കോഴിപ്പാറ, വേലന്താവളം,പാലക്കാട് |
| 7 | കുമിളി, ഇടുക്കി |
| 8 | കണ്ടത്തൂർ, കാസർഗോഡ് |
| 9 | മീനാക്ഷിപുരം, പാലക്കാട് |
| 10 | മുതലമട,ഗോവിന്ദപുരം, കൊല്ലങ്കോട്, പാലക്കാട് |
| 11 | മട്ടത്തുകാട്, അഗളി, പാലക്കാട് |
| 12 | സുൽത്താൻബത്തേരി, വയനാട് |
| 13 | തെന്മല, കൊല്ലം |
| 14 | വഴിക്കടവ്, മണിമൂലി, മലപ്പുറം |
| 15 | ആർ.പി. പാലക്കാട് |
| 16 | പെർള, കാസർഗോഡ് |
| 17 | വാളയാർ, പാലക്കാട് |
| 18 | പാറശ്ശാല, തിരുവനന്തപുരം |

സെക്ഷൻ ഓഫീസർ